ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22.09.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഗുജറാത്തിൽ വിതരണം ചെയ്തു. മികച്ച നടനുള്ള പുരസ്കാരം ഏറ്റുവാങ്ങി മലയാളത്തിന്റെ അഭിമാന താരം മമ്മൂട്ടി.

   **President Droupadi Murmu presented the 72nd National Film Awards in Gujarat. Renowned Malayalam actor Mammootty received the award for Best Actor.**

2. രാജ്യത്തെ വികസന പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടം, ഗുണനിലവാരത്തെ അടിസ്ഥാനമാക്കിയാകണമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

   **The next phase of the country's development should be based on quality, said Union Finance Minister Nirmala Sitharaman.**

3. ഉഡാൻ പദ്ധതിയിലൂടെ രാജ്യത്തുടനീളം 100 പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി രാംമോഹൻ നായിഡു.

   **One hundred new airports will be constructed across the country under the UDAN scheme, said Union Civil Aviation Minister Ram Mohan Naidu.**

4. വിനോദസഞ്ചാരികളായെത്തുന്ന ഇന്ത്യൻ പൗരന്മാർ മലേഷ്യയിൽ തൊഴിലിൽ ഏർപ്പെടരുതെന്ന് മുന്നറിയിപ്പ് നൽകി ഇന്ത്യൻ ഹൈക്കമ്മീഷൻ.

The Indian High Commission has warned Indian citizens visiting Malaysia as tourists against taking up employment there.

5. കേരളത്തിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rainfall is likely in Kerala over the next five days. Fishing has been banned along the Kerala, Karnataka and Lakshadweep coasts.

6. ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് സ്വർണം. ഫൈനലിൽ ശ്രീലങ്കയെ 147 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി.

   India won gold in women's cricket at the Asian Games. India defeated Sri Lanka by 147 runs in the final.

****************************************

## PREZ-GUJRAT

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഗുജറാത്തിലെ ഏകതാ നഗറിൽ വിതരണം ചെയ്തു. മികച്ച നടനുള്ള പുരസ്കാരം മലയാളത്തിൻറെ അഭിമാന താരം മമ്മൂട്ടി ചടങ്ങിൽ ഏറ്റുവാങ്ങി. 'ഭ്രമയുഗം' എന്ന ചിത്രത്തിലെ അഭിനയത്തിനാണ് പുരസ്കാരം. 'ഭ്രമയുഗ'ത്തിലെ ഛായാഗ്രഹണത്തിന് ഷെഹനാദ് ജലാൽ മികച്ച ഛായാഗ്രാഹകനുള്ള പുരസ്കാരം ഏറ്റുവാങ്ങി. 'എ.ആർ.എം' എന്ന ചിത്രത്തിലെ 'അങ്ങു വാന കോണില്' എന്ന ഗാനം ആലപിച്ച വൈക്കം വിജയലക്ഷ്മിക്ക് മികച്ച ഗായികയ്ക്കുള്ള പുരസ്കാരം രാഷ്ട്രപതി സമ്മാനിച്ചു. 2024-ലെ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം പ്രശസ്ത കന്നഡ നടൻ അനന്ത് നാഗ് ഏറ്റുവാങ്ങി. കലാകാരന്മാർ സമൂഹത്തിന് അനുകരണീയ മാതൃകയാകണമെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു.

(ഹോൾഡ്)

മികച്ച മലയാള ചിത്രം ഫെമിനിച്ചി ഫാത്തിമയുടെയും, ആനിമേഷൻ ചിത്രം ടച്ച്ഡ് അസ് വാട്ടറിൻറെയും, നോൺ-ഫീച്ചർ വിഭാഗത്തിൽ പ്രത്യേക പരാമർശം നേടിയ 'ഭദ്ര-കാളി നാടകത്തിൻറെയും അണിയറ പ്രവർത്തകർ ചടങ്ങിൽ പുരസ്കാരം സ്വീകരിച്ചു.

***************************************

**GUJ ASHWINI VAISHNAW**

ഇനി മുതൽ ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങ് രാജ്യത്തുടനീളമുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുമെന്ന് കേന്ദ്ര വാർത്താവിതരണ-പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. അതുവഴി ആഗോളതലത്തിൽ വിനോദസഞ്ചാരത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളും മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.

***************************************

**SITHARAMAN (intro)**

രാജ്യത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടം , ഗുണനിലവാരത്തെ അടിസ്ഥാനമാക്കിയുള്ളതാക ണമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷന്റെ 53-ാമത് ദേശീയ കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിലെല്ലാം ഗുണനിലവാരത്തോടുള്ള പ്രതിബദ്ധത പൊതു ശീലമായി വളർത്തിയെടുക്കാൻ മാനേജ്മെന്റ് വിദഗ്ധരും വ്യവസായികളും തയ്യാറാകണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ്)

***************************************

**VICE PRESIDENT – ALPPUZHA**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ

ജില്ലകളിൽ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ആലപ്പുഴ വള്ളിക്കുന്നം വിദ്യാധിരാജപുരം ആശ്രമത്തിൽ ചട്ടമ്പി സ്വാമികളുടെ വെങ്കലപ്രതിമ അദ്ദേഹം അനാച്ഛാദനം ചെയ്യും. തിരുവനന്തപുരത്ത് നടക്കുന്ന എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കുന്നുണ്ട്.

**************************************

## MEA MALAYSIA ADVISORY

വിനോദസഞ്ചാരികളായി മലേഷ്യയിലെത്തുന്ന ഇന്ത്യൻ പൗരന്മാർ ഇവിടെ തൊഴിലിൽ ഏർപ്പെടരുതെന്ന് മുന്നറിയിപ്പ് നൽകി ക്വാലാലംപൂരിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ . 30 ദിവസത്തെ വീസ രഹിത പ്രവേശന സൗകര്യം ഉപയോഗിച്ച് മലേഷ്യയിലെത്തി തൊഴിലന്വേഷിക്കുന്ന ഇന്ത്യക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായ സാഹചര്യത്തിലാണ് മുന്നറിയിപ്പ്. തൊഴിൽ തട്ടിപ്പു നടത്തുന്ന ഏജന്റുമാരുടെ കെണിയിൽ വീണാൽ, ഇത് ചൂഷണത്തിനും, നിയമനടപടികൾക്കും കാരണമാകാം. വിനോദസഞ്ചാരികൾ സാധുവായ രേഖകൾ കൈവശം വെക്കണമെന്നും ഹൈക്കമ്മീഷൻ നിർദ്ദേശിച്ചു.

**************************************

## SEVA-SANKALP-ABHIYAN

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. 2047-നകം 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാൻ വ്യാപാര സംബന്ധമായ പ്രവർത്തനങ്ങൾ പ്രയാസരഹിതമാക്കുന്നതിനും കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചാണ് 'സേവാ സങ്കൽപ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ഇന്ത്യയുടെ വ്യവസായ-വാണിജ്യ രംഗം വലിയ പരിവർത്തനങ്ങൾക്കാണ് കഴിഞ്ഞ ദശാബ്ദത്തിൽ

സാക്ഷ്യം വഹിച്ചത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരങ്ങളിലൊന്നായിരുന്നു ചരക്ക്-സേവന നികുതി. വിവിധ പരോക്ഷ നികുതികളെ ഏകീകൃത സംവിധാനത്തിനു കീഴിൽ കൊണ്ടു വരാൻ ഇതിലൂടെ സാധിച്ചു. 2014 ൽ ഈസ് ഓഫ് ഡൂയിങ് ബിസിനസ് ലോകറാങ്കിങ്ങിൽ 142 - ആം സ്ഥാനത്തായിരുന്ന ഇന്ത്യ 2020 ൽ 63 - ആം സ്ഥാനത്തേക്ക് ഇത്തരം പരിഷ്കാരങ്ങളിലൂടെയാണ് മുന്നേറിയത്.

***************************************

## UDAN SCHEME-MoU (intro)

ഉഡാൻ പദ്ധതിയുടെ അടുത്ത ഘട്ടത്തിനായി ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും വ്യോമയാന മന്ത്രാലയവുമായി ധാരണാപത്രം ഒപ്പുവെച്ചു. രാജ്യത്തുടനീളം പ്രാദേശിക വ്യോമയാന ബന്ധം ശക്തിപ്പെടുത്തുന്ന, രാജ്യത്തെ ഏറ്റവും വിപ്ലവകരമായ പദ്ധതികളിലൊന്നാണ് ഉഡാനെന്ന് കേന്ദ്ര വ്യോമയാന മന്ത്രി രാംമോഹൻ നായിഡു പറഞ്ഞു. പദ്ധതി പത്ത് വർഷത്തേക്ക് കൂടി നീട്ടിയ സാഹചര്യത്തിൽ, രാജ്യത്തുടനീളം 100 പുതിയ വിമാനത്താവളങ്ങളും 200 ഹെലിപോർട്ടുകളും ഹെലിപാഡുകളും നിർമ്മിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതായും കേന്ദ്ര മന്ത്രി ന്യൂഡൽഹിയിൽ വ്യക്തമാക്കി.
(ഹോൾഡ്)

***************************************

## NPCI - GST MDR

യുപിഐ ഇടപാടുകളിൽ വ്യപാരികൾക്ക് ഏർപ്പെടുത്തിയ MDR നിരക്ക്, ചെറുകിട വ്യാപാരികൾക്ക് ബാധ്യതയാകില്ലെന്ന് കേന്ദ്ര സർക്കാർ . രണ്ടായിരം രൂപയ്ക്ക് മുകളിലുള്ള പേഴ്സൺ-ടു-മെർച്ചന്റ് ഇടപാടുകൾക്ക് മാത്രമാണ് എംഡിആർ ബാധകമാകുകയെന്നും എൻപിസിഐ അറിയിച്ചു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പോലെ, വ്യാപാരി എംഡിആർ ആയി നൽകുന്ന തുക, വിൽപ്പനയുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ട ജിഎസ്ടി ബാധ്യതയിൽ പിന്നീട് ക്രമീകരിക്കാൻ സാധിക്കും. പ്രതിമാസം ഒരു ലക്ഷം രൂപ വരെ യുപിഐ വഴി സ്വീകരിക്കുന്ന

വ്യാപാരികൾ എംഡിആർ നൽകേണ്ടതില്ലെന്നും എൻപിസിഐ വ്യക്തമാക്കി.

***************************************

## FACT CHECK- OLD NOTES

പഴയ നോട്ടുകളും നാണയങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി ചില പ്രഖ്യാപനങ്ങൾ നടത്തിയെന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. ഈ വീഡിയോകൾ എ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച വ്യാജ വീഡിയോകളാണെന്ന്, പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് യൂണിറ്റ് സ്ഥിരീകരിച്ചു.

***************************************

## RAIN KERALA

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ ഏഴ് ജില്ലകളിലും മറ്റന്നാൾ അഞ്ച് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***************************************

## CRICKET TEAM GOLD

ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് സ്വർണം. ഫൈനലിൽ ശ്രീലങ്കയെ 147 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ഇക്കുറി നേടിയ ആദ്യ സ്വർണ്ണമാണിത്. ഇന്ത്യ ഉയർത്തിയ 217 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ശ്രീലങ്ക 15.4 ഓവറിൽ 69 റൺസിന് പുറത്തായി. 45 പന്തിൽ നിന്ന് 79 റൺസെടുത്ത സ്മൃതി മന്ദാനയാണ് ഇന്ത്യയുടെ ടോപ് സ്കോറർ. മെഡൽ നേട്ടത്തിൽ വനിതാ ക്രിക്കറ്റ് ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യൻ ക്രിക്കറ്റിന്റെ ഉജ്ജ്വലമായ വിജയമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

***************************************

## MENS CRICKET

ഏഷ്യൻ ഗെയിംസിലെ പുരുഷ ടി20 ക്രിക്കറ്റിൽ ജപ്പാനെതിരെ ഇന്ത്യയ്ക്ക് രണ്ട് റൺസിന്റെ ജയം. മഴമൂലം അഞ്ച് ഓവറാക്കി ചുരുക്കിയ കളിയിൽ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യക്ക്, നാല് വിക്കറ്റ് നഷ്ടത്തിൽ 32 റൺസ് എടുക്കാനേ കഴിഞ്ഞുള്ളു. 30 പന്തിൽ 33 റൺസ് എന്ന വിജയലക്ഷ്യവുമായി മറുപടി ബാറ്റിംഗിനിറങ്ങിയ ജപ്പാന് 30 റൺസ് മാത്രമാണ് നേടാനായത്.

****************************************

## ASIAN GAMES-BADMINTON

ഏഷ്യൻ ഗെയിംസ് ബാഡ്മിന്റണിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ ടീം. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ലോക ഏഴാം നമ്പർ താരം കൊദായ് നരോക്കയെ പരാജയപ്പെടുത്തി ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ പ്രവേശിച്ചു. പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡി ചിരാഗ് ഷെട്ടി സഖ്യവും വിജയം കുറിച്ചു. പുരുഷ സിംഗിൾസിലെ മറ്റൊരു കളിയിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടിയും വിജയം നേടി.

****************************************

************************

******